


# ആമുഖം

ഐക്യരാഷ്ട്രസഭ ലോകത്താകമാനം വിഭാവനം ചെയ്തിരിക്കുന്ന സുസ്ഥിരവികസന ലക്ഷ്യങ്ങൾ നാം പടിപടിയായി നേടിയെടുത്തുകൊണ്ടിരിക്കുകയാണ്. സമസ്ത മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള അതിനൂതനമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. വികസനപ്രവർത്തനങ്ങൾ കൃത്യമായി രൂപകല്പന ചെയ്യുന്നതിലും അത് ആശയങ്ങളിലും ആവശ്യങ്ങളിലും ഊന്നി നടപ്പാക്കുന്നതിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്.. ഈയൊരു സാഹചര്യത്തിലാണ് അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന 2026–27 സാമ്പത്തിക വർഷത്തെ ഈ ഭരണ സമിതിയുടെ ആദ്യത്തെ അന്തിമ വാർഷിക പദ്ധതി ശ്രദ്ധേയമാകുന്നത്.വയോസ്മിതം എന്നപേരിൽ വയോജനങ്ങൾക്കും കുട്ടികൾക്കും ഉല്ലാസ കേന്ദ്രങ്ങൾ,ബ്ലോക്ക് പ്രദേശത്തെ സൌന്ദര്യവൽകരിക്കുന്ന വർണ്ണഗ്രാമം പദ്ധതി, സമൂഹത്തിന്റെസർവ്വ മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ട് കാർഷിക, ക്ഷീര, പ്രാദേശിക സാമ്പത്തിക വികസന മേഖലകൾക്കും വയോജനക്ഷേമം, വനിതാ ശിശുക്ഷേമ പ്രവർത്തനങ്ങൾ, ഭിന്നശേഷിരംഗത്തെയും,ആരോഗ്യ രംഗത്തെയും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകി കൊണ്ട് ക്രിയാത്മകമായ ഇടപെടലുകൾ നടത്തി നൂതനമായതും നവീനവുമായ പദ്ധതികളാണ് ഇത്തവണ നാം രൂപീകരിച്ചിട്ടുള്ളത്.പദ്ധതി രൂപീകരണത്തിന്റെ ഓരോ പടവുകളിലും കൃത്യമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിച്ചു എന്നുള്ളത് നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്.. വികസന പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്താൻ ജനകീയ പിന്തുണ അനിവാര്യമാണെന്നിരിക്കെ ഏവരുടെയും പിന്തുണ ഈ ഭരണസമിതി പ്രതീക്ഷിക്കുന്നു. നല്ലൊരു ഭാവിക്കായി നമുക്ക് ഒന്നിച്ച് പ്രയത്നിക്കാം

**ശ്രീമതി. ആയിഷ കെ ടി**
(പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്ത്)

# ജനപ്രതിനിധികൾ



**ശ്രീമതി പ്രിയങ്കഗാന്ധി**

(എം.പി. വയനാട്)



**ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ**

(എം.പി., മലപ്പുറം)



**ശ്രീ. പി.കെ. ബഷീർ**

എം.എൽ.എ.

ഏറനാട്



**ശ്രീ. ടി.വി. ഇബ്രാഹിം**

എം.എൽ.എ.

കൊണ്ടോട്ടി



**ശ്രീ. പി. ഉബൈദുല്ല**

എം.എൽ.എ.

മലപ്പുറം

# ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി



**ശ്രീമതി ആയിഷ കെ.ടി**
പ്രസിഡന്റ്



**ശ്രീ സി.ടി അബ്ദുറഹിമാൻ**
വൈസ് പ്രസിഡന്റ്



**ശ്രീമതി സമിത ഹരിദാസ്**
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ശ്രീ ഹൈദ്രു വെള്ളച്ചാലി**
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ശ്രീമതി ബുഷ്റ എ . എം**
ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**എം കെ കുഞ്ഞിമുഹമ്മദ്**



**ഷിജോ ആന്റണി**



**അബ്ദുൽ ഹമീദ് കെ**



**വി പി ലുക്ക്മാൻ**



**ഹസ്ന എം**



**ജലീല അമ്പാഴത്തിങ്ങൽ**



**ഷഹർബാൻ ശരീഫ്**



**ദിവ്യ ടി**



**ഫാത്തിമത്ത് സുഹ്റ .എസ്**



**സുബൈദ അബ്ദുള്ള**



**ഷൈജു കാവുതൊടി**



**സഫ ബാസില പി**



**ലത്തീഫ് വെള്ളേരി**



**സൈനുൽ ആബിദ്**



**ഷാജു കെ എസ്**
(സെക്രട്ടറി)

## ജില്ലാപഞ്ചായത്ത് അംഗങ്ങൾ



ശ്രീ. പി.എ ജബ്ബാർ ഹാജി
(അരീക്കോട്
ഡിവിഷൻ)



ശ്രീ.കെ. ടി. അഷ്റഫ്
(എടവണ്ണ
ഡിവിഷൻ)



ശ്രീമതി. അഡ്വ. ജോസ്മി തോമസ്
(ചുങ്കത്തറ
ഡിവിഷൻ)



ശ്രീമതി. ആയിഷ ബാനു പി. എച്
(പൂക്കോട്ടൂർ
ഡിവിഷൻ)



ശ്രീ.പി. എച് ഷമീം
(തൃക്കലങ്ങോട്
ഡിവിഷൻ)

## ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീമതി. സഫീറ സലാം
(അരീക്കോട് )



ശ്രീ. കെ. ശിവൻ
(ചീക്കോട് )



ശ്രീമതി. സുനീറ സമദ്
(എടവണ്ണ)



ശ്രീമതി. സുബൈദ കാവനൂർ
(കാവനൂർ)



ശ്രീ. അബൂബക്കർ മാസ്റ്റർ .കെ
(കീഴുപറമ്പ് )



ശ്രീ. മഹമൂദ് പി. ടി
(കുഴിമണ്ണ)



ശ്രീമതി. ഫൗസിയ പുൽപ്പറ്റ
(പുൽപ്പറ്റ)



ശ്രീ. സജീർ മേത്തലിയിൽ
(ഊർങ്ങാട്ടിരി)

# നിർവ്വഹണ ഉദ്യോഗസ്ഥർ



**ഷാജു എസ്**
ബി.ഡി.ഒ & സെക്രട്ടറി
അരീക്കോട്



**അമ്പിളി എം.വി.**
ഡയറി എക്സ്റ്റൻഷൻ ഓഫീസർ,
അരീക്കോട്



**ജസീല**
വ്യവസായ വികസന ഓഫീസർ,
അരീക്കോട്



**ഹസീന ഹസ്സൻ കുഞ്ഞി**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ,
അരീക്കോട്



**സുബീഷ് സി എസ്**
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ,അരീക്കോട്



**അരുൺ പി.**
അസിസ്റ്റന്റ് എഞ്ചിനീയർ,
അരീക്കോട്



**റജീന പി.സി**
ശിശു വികസന ഓഫീസർ,
അരീക്കോട്



**ശാന്തകുമാരി**
ശിശു വികസന പദ്ധതി ഓഫീസർ,
അഡീഷണൽ അരീക്കോട്



**സുലത**
ട്രൈബൽ എക്സ്റ്റൻഷൻ
ഓഫീസർ, എടവണ്ണ



**ഡോ അബൂബക്കർ**
മെഡിക്കൽ ഓഫീസർ,
താലൂക്ക് ആശുപത്രി,
അരീക്കോട്



**ഡോ. ഷീജ ഉമ്മർ**
മെഡിക്കൽ ഓഫീസർ,
സി.എച്ച്.സി ഊർങ്ങാട്ടിരി



**ഡോ:ഖാലിദ്**
മെഡിക്കൽ ഓഫീസർ,
എഫ്.എച്ച്.സി കുഴിമണ്ണ



**ഡോ. സുരേഷ്**
മെഡിക്കൽ ഓഫീസർ,
ബി.എഫ്.എച്ച്.സി എടവണ്ണ



**ഡോ. മനുലാൽ**
മെഡിക്കൽ ഓഫീസർ,
സി.എച്ച്.സി ഓമാനൂർ



**സതീഷ്കുമാർ**
പട്ടികജാതി വികസന
ഓഫീസർ,അരീക്കോട്

# പദ്ധതിരേഖ പണിപ്പുരയിൽ

| | | |
|---|---|---|
| **ചെയർപേഴ്സൺ** | : | **ശ്രീമതി. ആയിഷ കെ ടി**<br>(പ്രസിഡന്റ്, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്) |
| **വൈസ് ചെയർമാൻ** | : | **ശ്രീ. സി ടി അബ്ദുറഹിമാൻ**<br>(വൈസ്. പ്രസിഡന്റ്, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്) |
| **കോ–ഓർഡിനേറ്റർ** | : | **ശ്രീ. ഷാജു കെ എസ്**<br>(ബി.ഡി.ഒ. & സെക്രട്ടറി, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്) |
| **അസി.കോ–ഓർഡിനേറ്റർ** | : | **ശ്രീ. ശിഹാബുദ്ദീൻ പി**<br>(ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, അരീക്കോട് ബ്ലോക്ക്) |
| **കൺവീനർ** | : | **ശ്രീമതി. സമിത ഹരിദാസ്**<br>(ചെയർപേഴ്സൺ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) |
| **ജോ. കൺവീനർ** | : | **ശ്രീ. സി അബ്ദുറഹിമാൻ മാസ്റ്റർ**<br>(വൈസ്. ചെയർമാൻ പ്ലാനിംഗ് സമിതി) |
| | : | **ശ്രീ. ഷഫീഖ് അലി സി**<br>(പ്ലാൻ ക്ലർക്ക്) |

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | : | അരീക്കോട് |
| ജില്ല | : | മലപ്പുറം |
| താലൂക്ക് | : | ഏറനാട് |
| പാർലമെന്റ് മണ്ഡലം | : | വയനാട് |
| അസംബ്ലി മണ്ഡലം | : | ഏറനാട് |
| ഗ്രാമ പഞ്ചായത്തുകൾ | : | അരീക്കോട്, ചീക്കോട്, എടവണ്ണ, കാവനൂർ, കീഴുപറമ്പ്, കുഴിമണ്ണ, പുൽപ്പറ്റ, ഊർങ്ങാട്ടിരി |
| വിസ്തീർണ്ണം | : | 257.12 ച.കി.മീ |
| <u>അതിരുകൾ</u> | | |
| പടിഞ്ഞാറ് | : | കൊണ്ടോട്ടി, മലപ്പുറം ബ്ലോക്ക് |
| വടക്ക് | : | കോഴിക്കോട് ജില്ല |
| കിഴക്ക് | : | വണ്ടൂർ, നിലമ്പൂർ ബ്ലോക്കുകൾ |
| തെക്ക് | : | മഞ്ചേരി മുൻസിപ്പാലിറ്റി |
| ജനസംഖ്യ | : | 267890 |
| ജനസാന്ദ്രത | : | 799 ച.കി.മീ |
| ബ്ലോക്ക് ഡിവിഷനുകൾ | : | 19 |
| സാക്ഷരത | : | 87% |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | അരീക്കോട്, എടവണ്ണ, ചുങ്കത്തറ തൃക്കലങ്ങോട്, പൂക്കോട്ടൂർ |

# ഭരണ സമിതി അംഗങ്ങൾ

| ക്രമ നമ്പർ | ഡിവിഷൻ | പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | കിഴുപറമ്പ് | എം കെ കുഞ്ഞിമുഹമ്മദ് | 9447151308 |
| 2. | പത്തനാപുരം | ആയിഷ കെ ടി | 9446697102 |
| 3. | വെറ്റിലപ്പാറ | ഷിജോ ആന്റണി | 9745741250 |
| 4. | മൈത്ര | അബ്ദുൽ ഹമീദ് കെ | 9447150915 |
| 5. | പൂവ്വത്തിക്കൽ | സി ടി അബ്ദുറഹിമാൻ | 9746619519 |
| 6. | എടവണ്ണ | ഹൈദ്രു വെള്ളച്ചാലി | 9446401577 |
| 7. | പത്തപ്പിരിയം | വി പി ലുഖ്മാൻ | 9447185643 |
| 8. | പന്നിപ്പാറ | ഹസ്ന എം | 7907093439 |
| 9. | കാവനൂർ | ജലീല അമ്പാഴത്തിങ്ങൽ | 7902586650 |
| 10. | എളയൂർ | ഷഹർബാൻ ഷരീഫ് | 9747671232 |
| 11. | പുൽപ്പറ്റ | ദിവ്യ ടി | 6282974533 |
| 12. | പൂക്കൊളത്തൂർ | ഫാത്തിമത്ത് സുഹ്റ എസ് | 9207884332 |
| 13. | തൃപ്പനച്ചി | സുബൈദ അബ്ദുള്ള | 9497826261 |
| 14. | കുഴിമണ്ണ | ഷൈജു കാവുതൊടി | 9778794782 |
| 15. | കിഴിശ്ശേരി | ബുഷ്റ എ എം | 9633527921 |
| 16 | ഓമാനൂർ | സഫ ബാസില പി | 7593928981 |
| 17 | ചീക്കോട് | സമിത ഹരിദാസ് | 7510583496 |
| 18 | വെള്ളേരി | ലത്തീഫ് വെള്ളേരി | 9048600222 |
| 19 | അരീക്കോട് | സൈനുൽ ആബിദ് | 9446670692 |

# സ്ഥിര സമിതികൾ

## I. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

1 ശ്രീ. സി ടി അബ്ദുറഹിമാൻ (ചെയർപേഴ്സൺ)

2 ശ്രീ. ഷൈജു കാവുതൊടി

3 ശ്രീ. എം കെ കുഞ്ഞിമുഹമ്മദ്

4 ശ്രീമതി. സഫ ബാസില പി

5 ശ്രീമതി. ഫാത്തിമ സുഹ്റ എസ്

## II. വികസന കാര്യം

1 ശ്രീമതി. സമിത ഹരിദാസ് (ചെയർപേഴ്സൺ)

2 ശ്രീമതി. ജലീല അമ്പാഴത്തിങ്ങൽ

3 ശ്രീമതി. ദിവ്യ ടി

4 ശ്രീമതി. ഷഹർബാൻ ഷെരീഫ്

5 ശ്രീമതി. സുബൈദ അബ്ദുള്ള

## III. ക്ഷേമകാര്യം

1 ശ്രീ. ഹൈദ്രു വെള്ളച്ചാലി (ചെയർപേഴ്സൺ)

2 ശ്രീമതി. ഹസ്ന എം

3 ശ്രീ. ഷിജോ ആന്റണി

4 ശ്രീ. വി പി ലുഖ്മാൻ

## IV. ആരോഗ്യ വിദ്യാഭ്യാസം

1. ശ്രീമതി. ബുഷ്റ എ എം (ചെയർപേഴ്സൺ)
2. ശ്രീ. സൈനുൽ ആബിദ് സി
3. ശ്രീ. ലത്തീഫ് വെള്ളേരി
4. ശ്രീ. അബ്ദുൾ ഹമീദ് കെ

## വർക്കിംഗ് ഗ്രൂപ്പുകൾ

1) പൊതുഭരണവും ധനകാര്യവും

ചെയർപേഴ്സൺ- ശ്രീ സി ടി അബ്ദുറഹിമാൻ (വൈസ് പ്രസിഡന്റ്)

കൺവീനർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2) കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് – ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ

ചെയർപേഴ്സൺ- ശ്രീമതി. സുബൈദ അബ്ദുള്ള

കൺവീനർ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

3) മൃഗസംരക്ഷണവും ക്ഷീര വികസനവും

ചെയർപേഴ്സൺ - ശ്രീമതി. ദിവ്യ ടി

കൺവീനർ - ക്ഷീര വികസന ഓഫീസർ

4) പ്രാദേശിക സാമ്പത്തിക വികസനം

ചെയർപേഴ്സൺ - ശ്രീമതി. ഷഹർബാൻ ഷെരീഫ്

കൺവീനർ - വ്യവസായ വികസന ഓഫീസർ

5) ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം ഉൾപ്പെടെ

ചെയർപേഴ്സൺ - ശ്രീ. ഹൈദ്രു വെള്ളച്ചാലി

കൺവീനർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

6) സാമൂഹ്യ നീതി, ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ

ചെയർപേഴ്സൺ - ശ്രീ. വി പി ലുഖ്മാൻ

കൺവീനർ - സി.ഡി.പി.ഒ അരീക്കോട്

7) ജൻഡറും വികസനവും, കുട്ടികളുടെ വികസനവും

ചെയർപേഴ്സൺ - ശ്രീമതി. ഹസ്ന എം

കൺവീനർ - സി.ഡി.പി.ഒ അരീക്കോട് അഡീഷനൽ

**8) പട്ടികജാതി വികസനം**

ചെയർപേഴ്സൺ - ശ്രീ ഷൈജു കാവുതൊടി

കൺവീനർ - ബ്ലോക്ക് പട്ടിക ജാതി ഓഫീസർ

**9) ആരോഗ്യം**

ചെയർമാൻ - ശ്രീ. ലത്തീഫ് വെള്ളേരി

കൺവീനർ - മെഡിക്കൽ ഓഫീസർ അരീക്കോട്

**10) കുടിവെള്ളം, ശുചിത്വം മുതലായവ**

ചെയർപേഴ്സൺ - ശ്രീ അബ്ദുൾ ഹമീദ് കെ

കൺവീനർ - അസി.എക്സി.എഞ്ചിനീയർ അരീക്കോട്

**11) വിദ്യാഭ്യാസം കലയും സംസ്കാരവും - യുവജനകാര്യം**

ചെയർമാൻ - ശ്രീ. സൈനുൽ ആബിദ് സി

കൺവീനർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

**12) പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)**

ചെയർമാൻ - ശ്രീമതി. സമിത ഹരിദാസ്

കൺവീനർ - അസി.എക്സി.എഞ്ചിനീയർ അരീക്കോട്

**13) ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**

ചെയർപേഴ്സൺ - ശ്രീമതി. ആയിഷ കെ ടി

കൺവീനർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

**14) പട്ടികവർഗ്ഗ വികസനം**

ചെയർപേഴ്സൺ - ശ്രീമതി. ആയിഷ കെ ടി

കൺവീനർ - ടി.ഇ.ഒ.

## അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം
## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | പദവി | പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | ബി.ഡി.ഒ & സെക്രട്ടറി | ഷാജു കെ എസ് | 7075365029 |
| 2 | ഹെഡ് ക്ലർക്ക് | ജയന്തി ടി ജി | 9446391077 |
| 3 | ഹെഡ് അക്കൗണ്ടന്റ് | യൂനുസ് കെ എം | 9446782964 |
| 4 | ജോ.ബി.ഡി.ഒ (ആർ.എച്ച്) | നൗഷാദ് എ | 9645085156 |
| 5 | ജോ.ബി.ഡി.ഒ (ഇജിഎസ്) | അജയ്ഘോഷ് വി | 9995017340 |
| 6 | എക്സ്റ്റൻഷൻ ഓഫീസർ (P&M) | പ്രവീൺകുമാർ കെ. | 9995880416 |
| 7 | എക്സ്റ്റൻഷൻ ഓഫീസർ (WW) | ശ്രീകല കെ | 9645039103 |
| 8 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | പി. ഷിഹാബുദ്ധീൻ | 9947834801 |
| 9 | സീനിയർ ക്ലാർക്ക് | ദീപ വി. | 9037439377 |
| 10 | സീനിയർ ക്ലാർക്ക് | ഷഫീഖ് അലി സി | 9746930913 |
| 11 | സീനിയർ ക്ലാർക്ക് | ഫക്രുദ്ധീൻ അലി പി. | 9846682130 |
| 12 | യു.ഡി. ടൈപ്പിസ്റ്റ് | ഷബ്നം.കെ | 8921335519 |
| 13 | ഓഫീസ് അറ്റന്റന്റ് | ഹഫ്സത്ത് കെ.കെ. | 7403370974 |
| 14 | ഡ്രൈവർ സീനിയർ ഗ്രേഡ് | ഷറഫുദ്ധീൻ പറമ്പാട്ട് | 9447926763 |
| 15 | വി.ഇ.ഒ ഗ്രേഡ് – 1 | സുമേഷ് വി. | 9495171775 |
| 16 | വി.ഇ.ഒ ഗ്രേഡ് – 1 | സുജിത്ത് എസ്. | 952660430 |
| 17 | വി.ഇ.ഒ ഗ്രേഡ് – 1 | അബ്ദുൽ ഗഫൂർ എൻ. | 6282735275 |
| 18 | വി.ഇ.ഒ ഗ്രേഡ് – 1 | രഞ്ജുമോൻ സി. | 9633673796 |
| 19 | വി.ഇ.ഒ ഗ്രേഡ് – 1 | ശരീഫ് അഹമ്മദ് | 9446767896 |
| 20 | വി.ഇ.ഒ ഗ്രേഡ് – 1 | എ. ആഷ | 9400741659 |
| 21 | വി.ഇ.ഒ ഗ്രേഡ് – 1 | പി. സനീജ | 9605208702 |
| 22 | വി.ഇ.ഒ ഗ്രേഡ് – 1 | മീനാക്ഷി തൈശീരി | 9495312522 |
| 23 | വി.ഇ.ഒ ഗ്രേഡ് – 1 | സാഹിർ | 7994802408 |
| 24 | വി.ഇ.ഒ ഗ്രേഡ് – 1 | ഫിറോസ് പി. | 9895907698 |
| 25 | വി.ഇ.ഒ ഗ്രേഡ് – 1 | ശരത് കെ.ആർ. | 9567721792 |
| 26 | വി.ഇ.ഒ ഗ്രേഡ് – 2 | അനൂപ് പി | 9744018331 |
| 27 | വി.ഇ.ഒ ഗ്രേഡ് – 2 | മൃതുൽ എൻ. ജി. | 9567721792 |
| 28 | വി.ഇ.ഒ ഗ്രേഡ് – 2 | സരിത കെ. വി. | 9946889881 |
| 29 | വി.ഇ.ഒ ഗ്രേഡ് – 2 | സൂര്യജിത്ത് എ | 6282120031 |
| 30 | പി.ടി.എസ് | സരോജിനി | 9847363788 |

## കരാർ ജീവനക്കാർ

| | | | |
|---|---|---|---|
| 1 | സിനി കെ പി | പ്രൊജക്ട് അസിസ്റ്റന്റ് | 9562248966 |
| 2 | നസീഫ് | AE VBGRAMG | 9400884365 |
| 3 | രജിത രാജൻ | AITA VBGRAMG | 9544247150 |
| 4 | മിഥുൻ | AITA VBGRAMG | 8089135754 |
| 5 | പ്രേമ | പി ടി എസ് | 7034016331 |
| 6 | ഉമ്മർക്കുട്ടി | ഡ്രൈവർ | 8086694014 |
| 7 | റമീസ് എം ടി | ആർ.ജി.എസ്.എ ബ്ലോക്ക് കോ-ഓർഡിനേറ്റർ | 9562841243 |
| 8 | രജീഷ് | ബ്ലോക്ക് ടി എ | 9072010144 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | ബി.ഡി.ഒ & സെക്രട്ടറി അരീക്കോട് | ഷാജു കെ എസ് | 7025365029 |
| 2 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അരീക്കോട് | അമ്പിളി എം.വി. | 9497533946 |
| 3 | വ്യവസായ വികസന ഓഫീസർ, അരീക്കോട് | ജസീല | 9656798014 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അരീക്കോട് | ഹസീന ഹസ്സൻ കുഞ്ഞി | 9446278619 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,അരീക്കോട് | സുബീഷ് സി എസ് | 9847407417 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ, അരീക്കോട് | അരുൺ പി. | 9746942842 |
| 7 | ശിശു വികസന ഓഫീസർ, അരീക്കോട് | റജീന പി.സി. | 9539836372 |
| 8 | ശിശു വികസന പദ്ധതി ഓഫീസർ, അഡീഷണൽ അരീക്കോട് | ശാന്തകുമാരി | 7012365850 |
| 9 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീ സർ, എടവണ്ണ | സുലത | 9496070369 |
| 10 | താലൂക്ക് ആശുപത്രി, അരീക്കോട് | ഡോ. അബൂബക്കർ | 7902235020 |
| 11 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഊർങ്ങാട്ടിരി | ഡോ. ഷീജ ഉമ്മർ | 8547205787 |
| 12 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി കുഴിമണ്ണ | ഡോ:ഖാലിദ് | 9447553838 |
| 13 | മെഡിക്കൽ ഓഫീസർ ബി.എഫ്.എച്ച്.സി എടവണ്ണ | ഡോ. സുരേഷ് | 9446447856 |
| 14 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഓമാനൂർ | ഡോ. മനുലാൽ | 9447883624 |
| 15 | പട്ടികജാതി വികസനഓഫീസർ, അരീക്കോട് | സതീഷ്കുമാർ | 7907023037 |

# അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ആസൂത്രണ സമിതി

ചെയർപേഴ്സൺ : **ശ്രീമതി. ആയിഷ കെ ടി**
(ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

ഉപാദ്ധ്യക്ഷൻ : **ശ്രീ. സി. അബ്ദു റഹിമാൻ മാസ്റ്റർ**

കൺവീനർ : **ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി**

## അംഗങ്ങൾ

| | |
|---|---|
| **സി ടി അബ്ദുറഹിമാൻ** (വൈസ് പ്രസിഡന്റ്) | **9746619519** |
| **ശ്രീമതി. സമിത ഹരിദാസ്** (വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ) | **7510583496** |
| **ശ്രീ. ഹൈദ്രു വെള്ളച്ചാലിൽ** (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി) | **9446401577** |
| **ശ്രീമതി ബുഷ്റ എ എം** (ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി) | **9633527921** |
| **പ്രൊഫ. കെ എ നാസർ** | **9447179430** |
| **ശ്രീ. പി പി സഫറുള്ള** | **9847505194** |
| **ശ്രീ. ഗഫൂർ കുറുമാടൻ** | **9447413546** |
| **ശ്രീമതി. റുഖിയ ഷംസു** | **9995664234** |
| **ശ്രീ. മുജീബ് ഇ പി കാവനൂർ** | **9526817287** |
| **ശ്രീ. ഇമ്പിച്ചി മോതി മാസ്റ്റർ** | **9048049015** |
| **ശ്രീ. രായിൻകുട്ടി ഊർങ്ങാട്ടിരി** | **9895816001** |
| **ശ്രീ. പി ടി അബ്ബാസ് തൃപ്പനച്ചി** | **9539649649** |
| **ശ്രീ. കെ ടി മുഹമ്മദ്കുട്ടി വടക്കുംമുറി** | **9605406174** |
| **ശ്രീ. രാംദാസ് കുഴിമണ്ണ** | **9447846029** |
| **ശ്രീ. രാമകൃഷ്ണൻ കീഴുപറമ്പ്** | **9388000323** |
| **ശ്രീ. കബീർ കരിക്കുന്നൻ (കുഴിമണ്ണ)** | **9946207130** |
| **ശ്രീ. വി അബ്ദുറഹിമാൻ ചീക്കോട്** | **9495452089** |
| **ശ്രീ. അഡ്വ. കെ കെ മുഹമ്മദ് സാലി** | **9539584299** |

അദ്ധ്യായം 1

# അരീക്കോട് ബ്ലോക്ക് വികസന സ്ഥിതി അവസ്ഥ

മലപ്പുറം ജില്ലയിൽ വിസ്തൃതിയിലും ജനസംഖ്യയിലും മുന്നിൽ നിൽക്കുന്ന ബ്ലോക്കാണ് അരീക്കോട്. 1990–ൽ ആണ് അരീക്കോട് ബ്ലോക്ക് രൂപീകൃതമാകുന്നത്. അരീക്കോട്, ചീക്കോട്, കീഴുപറമ്പ്, പുൽപറ്റ, കുഴിമണ്ണ, കാവനൂർ, എടവണ്ണ, ഊർങ്ങാട്ടിരി എന്നീ 8 ഗ്രാമപഞ്ചായത്തുകളാണ് ഈ ബ്ലോക്ക് പരിധിയിൽ ഉള്ളത്.

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തൃതി 257.12 ചതുരശ്ര കി.മീ.ആണ്.2011 ലെ സെൻസസ് പ്രകാരം 267890 ആണ് ജനസംഖ്യ. ഇതിൽ 26241 പട്ടികജാതിക്കാരും 2020 പട്ടികവർഗക്കാരും ഉൾപ്പെടുന്നു. പത്തൊമ്പത് ഡിവിഷനുകളാണ് ബ്ലോക്ക് പഞ്ചായത്തിൽ ഉള്ളത്.

കാർഷിക മേഖലയാണ് ഭൂരിഭാഗം ജനങ്ങളുടെയും വരുമാന മാർഗ്ഗം. ഭൂരിഭാഗവും ചെറുകിട ഇടത്തരം കർഷകരാണ്. തെങ്ങ്,റബ്ബർ,കമുക്,കുരുമുളക്,നെല്ല്,വാഴ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

കാർഷിക മേഖലയുടെ ഉത്തേജനത്തിനായി നൂതനമായ നിരവധി പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ ഇവിടുത്തെ കാർഷിക മേഖലയുടെ വളർച്ചക്ക് വിഘാതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അടിക്കടി കൂലി വർദ്ധിക്കുന്നതും തൊഴിലാളികളുടെ ലഭ്യതക്കുറവും കർഷകരെ ഈ മേഖലയിൽ നിന്നും അകറ്റുന്നു. പൊതുവായ കാർഷിക ഉത്പന്നങ്ങളുടെ വിതരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിരമായി ഊന്നൽ നൽകുന്നതാണ്. നെൽക്കൃഷിക്ക് ധാരാളം ആനുകൂല്യം നൽകുന്നുണ്ടെങ്കിലും അതിന് ആനുപാതികമായ ഉത്പാദന വർദ്ധനവ് ഉണ്ടാകുന്നില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ ഈ സാഹചര്യത്തിൽ പ്രധാനമാണ്.

സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന ഒരു ജീവിത മാർഗ്ഗമാണ് ക്ഷീരമേഖല. കറവ പശുക്കളുടെ വിലക്കൂടുതലും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില വർദ്ധനവും പുല്ലിന്റേയും വൈക്കോലിന്റേയും ലഭ്യതക്കുറവും ഈ മേഖലയിൽ നിന്ന് ജനങ്ങളെ അകറ്റുന്നു.

വ്യവസായികമായി വളരെ പിന്നോക്കമാണ് ഈ പ്രദേശം. ക്രഷറുകൾ, മരമില്ലുകൾ,ഫർണ്ണിച്ചർ നിർമ്മാണ ശാലകൾ ബനാന ചിപ്സ് നിർമ്മാണ ശാലകൾഎന്നിവ

യിലൊതുങ്ങുന്നു ഇവിടുത്തെ വ്യവസായ സംരഭങ്ങൾ. ചെറുകിട വ്യവസായങ്ങളും സ്വയം സംരംഭങ്ങളും വളർച്ചയുടെ പാതയിലാണെങ്കിലും പൂർണ്ണ വിജയത്തിലെത്താൻ ജനകീയ പങ്കാളിത്തം അനിവാര്യമാണ്.

ചാലിയാറിന്റെ ഇരു കരകളിലും ഉള്ള ധാരാളം തൊഴിലാളികൾ മണൽ വ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവരികയായിരുന്നു. മണൽവാരൽ കർശനമായി നിരോധിച്ചത് കാരണം ഇവർക്ക് തൊഴിൽ നഷ്ടം ഉണ്ടായി. കരിങ്കൽ, ചെങ്കൽ ക്വാറികൾ, കെട്ടിട നിർമ്മാണ മേഖല,തോട്ടം മേഖല എന്നിവയാണ് ഇവിടത്തെ പ്രധാന തൊഴിൽ മേഖലകൾ. സാമ്പത്തിക മാന്ദ്യം കാരണം നിർമ്മാണ മേഖല സ്തംഭനാവസ്ഥയിൽ ആയത് കാരണം ഈ മേഖലയിൽ പണി എടുക്കുന്നവർക്ക് തൊഴിൽ കുറയാൻ ഇടയാക്കിയിട്ടുണ്ട്.

ഇവിടത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഇവർക്കായി ധാരാളം പദ്ധതികൾ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയും ധാരാളം പദ്ധതികൾ ഈ വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്കായി ധാരാളം പദ്ധതികൾ മുൻപദ്ധതികളിൽ നടപ്പാക്കിയിട്ടുണ്ട്. കുടുംബശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങളിലൂടെ ധാരാളം സ്ത്രീകൾ സമൂഹത്തിന്റെ മുൻനിരയിൽ വന്ന് ഇന്ന് പ്രവർത്തനം നടത്തുന്നുണ്ട്. ചെറുകിട തൊഴിൽ സംരഭങ്ങളിലൂടെ ധാരാളം സ്ത്രീകൾ സ്വന്തമായൊരു വരുമാന മാർഗ്ഗം കണ്ടെത്തുന്നുണ്ട്. തൊഴിൽ സംരംഭ യൂണിറ്റുകൾക്ക് സബ്സിഡി നൽകി സ്ത്രീ സംരംഭങ്ങളെ സഹായിക്കേണ്ടതായിട്ടുണ്ട്. സ്ത്രീ സംരഭകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പൊതുവായ വിപണന സൗകര്യം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

സമൂഹത്തിന്റെ താഴെക്കിടയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പല പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും പൂർണ്ണമായും അവരുടെ പ്രയാസങ്ങൾ മാറ്റാൻ പര്യാപ്തമായിട്ടില്ല. പരിമിതമായ സാമ്പത്തിക സ്രോതസ്സാണ് ഇതിന് കാരണം.

കായികരംഗത്ത് ധാരാളം പ്രതിഭകളെ സംഭാവന നൽകിയ പ്രദേശമാണ് അരീക്കോട്. കായികരംഗത്തെ നവീകരിക്കാൻ പ്രൊഫഷണലായ ഇടപെടൽ നിർബന്ധമാണ്. ദീർഘകാല പ്രൊജക്ടുകളും അത്യാധുനിക പരിശീലന സാമഗ്രികളും ഈ മേഖലയിൽ പുതിയ ജീവൻ പകരുമെന്നതിൽ സംശയമില്ല.

ഈ പ്രദേശത്തെ ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സാണ് ഗൾഫ് മലയാളികൾ. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ കാരണമായും കോവിഡ് മഹാമാരിയുടെ ഫലമായും ധാരാളം പേർ തൊഴിൽ രഹിതമായി നാട്ടിൽ തിരിച്ചെത്തിയിട്ടുണ്ട്. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ കുറവ് ഇവിടുത്തെ കച്ചവട സ്ഥാപനങ്ങളെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ അരീക്കോട് താലൂക്ക് ആശുപത്രി,എടവണ്ണ, ഓമാനൂർ,ഊർങ്ങാട്ടീരി കുഴിമണ്ണ സി.എ.ച്ച്.സികളും ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ധാരാളം രോഗികൾക്ക് ആശ്രയമായ ഈ ആശുപത്രികളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ അനിവാര്യമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡിലുൾപ്പെട്ട ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് എടവണ്ണ സി എച്ച് സി ആധുനിക വൽകരിക്കുന്നതിന് 2550000 രൂപ വകയിരുത്തി പ്രവർത്തി പൂർത്തീകരിച്ചു. പുതുതായി 5 കോടി 75 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും പ്രവർത്തി പുരോഗമിക്കുകയും ചെയ്യുന്നു.

മാലിന്യനിർമാർജ്ജനം ആണ് അരീക്കോട് ബ്ലോക്ക് പ്രദേശത്തു നേരിടുന്ന പുതിയ വെല്ലുവിളി. ഇവിടെ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം വ്യാപകമാണ്. അതിനെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടത് അത്യാവശ്യമാണ്. പ്ലാസ്റ്റിക് കൂട്ടിയിട്ട് കത്തിക്കുന്നതും നദികളിൽ വലിച്ചെറിയുന്നതും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കും. മാലിന്യ മുക്തം നവകേരളം പ്രവർത്തനങ്ങിൽ ഉൾപ്പെടുത്തി നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിലൂടെ ഒരുപരിധിവരെ മാലിന്യപ്രശ്നങ്ങൾ പരിഹാരം കാണാൻ സാധിച്ചു എങ്കിലും ഇനിയും കൂടുതൽ ശക്തമായ ഇടപടെലുകൾ ഈ മേഖലയിൽ ആവശ്യമാണ്.

ഗ്രാമ-ബ്ലോക്ക്-ജില്ലാ-പഞ്ചായത്തുകളുടെ കൂട്ടായ പരിശ്രമത്തിലൂടെ മാത്രമെ മുകളിൽ പറഞ്ഞ വിഷയങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയൂ. ആയതിലേക്കുള്ള ഒരു ചുവടുവെപ്പായിരിക്കും ഈ വർഷത്തെ പ്രോജക്ടുകൾ.

ഭിന്നശേഷിക്കാരുടെ ചിരകാല സ്വപ്നമായ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുഴിമണ്ണയിൽ പൂർത്തീകരിച്ച ബി.ആർ.സി. കെട്ടിടം കേരളത്തിനു തന്നെ മാതൃകയായി മാറുന്ന ഒന്നാണ്. കീഴുപറമ്പിലെ പൊൻപാടം മട്ട കോമൺ ഫെസിലിറ്റി സെന്റർ, അരീക്കോട്, വനിതകൾക്ക് തൊഴിൽ ശേഷി നേടികൊടുക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എ.ടി.എം കുടിവെള്ള പദ്ധതി, കളി സ്ഥലങ്ങൾ വാങ്ങാൻ വിഹിതം നൽകൽ, വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ജിംനേഷ്യം, വിവിധ സ്ഥലങ്ങൾ വനിതകൾക്ക് മാത്രമായി ഫിറ്റ്നെസ് കേന്ദ്രങ്ങൾ, വയോജനങ്ങൾക്ക് ഉല്ലാസ കേന്ദ്രങ്ങൾ, വയോജനങ്ങൾക്ക് ഓപ്പൺ ജിം, വർണ്ണ ഗ്രാമം പദ്ധതി, വൈക്കോൽ സബ്സീഡി, പച്ചക്കറി ഗ്രാമം, എന്നിവ എടുത്തു പറയേണ്ട പദ്ധതികളാണ്.

**അദ്ധ്യായം 2**

# 2025–26
# വാർഷിക പദ്ധതി അവലോകനം

2025–26 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച 55 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 243 പദ്ധതികളാണ് ഇപ്പോൾ ഉള്ളത്.ആകെ 25,72,18,912 രൂപയുടെ പദ്ധതികൾ ഏറ്റെടുത്തതിൽ 9,74,13,138 രൂപ ഇതുവരെ ചിലവഴിച്ചു. സ്പിൽ ഓവർ പദ്ധതികൾക്കായി 2,45,98,582 രൂപയുടെ പദ്ധതികൾ ഏറ്റെടുത്തതിൽ 1,06,77,626 രൂപ ഇതുവരെ ചിലവഴിച്ചു. തുടക്കത്തിൽ ഉണ്ടായിരുന്ന ചിലപദ്ധതികൾ മാറ്റം വരുത്തുകയും ഉപേക്ഷിച്ച പദ്ധതികളുടെ തുകയും ടെൻഡർ സേവിംഗ്സ് ആയി ലഭിച്ച തുകയും ഉപയോഗിച്ച് പുതിയപദ്ധതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 100 ശതമാനവും പദ്ധതി വിഹിതങ്ങൾ ചിലവഴിക്കുന്നതിനാവശ്യമായ നടപടികളുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് പോയികൊണ്ടിരിക്കുന്നത്.

അനിവാര്യമായി നീക്കി വെക്കേണ്ട തുകകൾ അതതു മേഖലക്ക് നീക്കിവെച്ചിട്ടുണ്ടായിരുന്നു. പൊതുവിഭാഗം തുകയിൽനിന്നും ഉൽപാദനനമേഖലയിൽ 22 പദ്ധതികളിലായി 2,02,81,943 തുക വകയിരുത്തിയതിൽ ഇതുവരെ 3,54,9,203 രൂപ ചിലവഴിച്ചു. സേവന മേഖലയിൽ 127 പദ്ധതികളിലായി 13,66,74,985 രൂപ വകയിരുത്തിയതിൽ ഇതുവരെ 6,66,78,015 രൂപ ചിലവഴിച്ചു. പശ്ചാത്തല മേഖലയിൽ 60 പദ്ധതികളിലായി 5,34,07,121 രൂപ വകയിരുത്തിയതിൽ 1,35,73,118 രൂപ ചിലവഴിച്ചു.

പട്ടിക ജാതി വിഭാഗം തുകയിൽ നിന്നും ഉൽപാദന മേഖലയിൽ 1 പദ്ധതിക്കായി 25,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. സേവന മേഖലയിൽ 10 പദ്ധതികളിലായി 3,31,24,383 രൂപ വകയിരുത്തിയതിൽ 1,16,67,612 രൂപ ചിലവഴിച്ചു. പശ്ചാത്തല മേഖലയിൽ 16 പദ്ധതികളിലായി 81,37,703 രൂപ വകയിരുത്തിയതിൽ 15,13,913 രൂപ ഇതുവരെ ചിലവഴിച്ചു. പട്ടിക വർഗം തുകയിൽ നിന്നും സേവനമേഖലയിൽ 2 പദ്ധതികളിലായി 28,72,000 രൂപ വകയിരുത്തിയതിൽ 2,10,000 രൂപ ചിലവഴിച്ചു. പശ്ചാത്തല മേഖലയിൽ 1 പദ്ധതിക്കായി 2,20,727 രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചിലവഴിച്ചു.

## പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ 77 പദ്ധതികളിലായി 6,17,65,601 രൂപ വകയിരുത്തിയതിൽ ഇതുവരെ 1,53,07,808 ചിലവഴിച്ചു. പട്ടിക ജാതി,പട്ടിക വർഗ പ്രദേശങ്ങളിലെ റോഡുകൾ ഉൾപ്പെടെ നിരവധി ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിലും നവീകരണത്തിലും കാര്യക്ഷമമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. ഓമാനൂർ, ഊർങ്ങാട്ടീരി,

എടവണ്ണ എന്നീ സി.എച്ച്.സി കളുടെയും,കുഴിമണ്ണ എഫ്.എച്ച്.സി എന്നിവ യുടെ നവീകരണം, അംഗൽവാടികളുടെ നിർമ്മാണം, റോഡുകളുടെ ഡ്രൈനേജ് നിർമ്മാണം, വനിത ഫിറ്റ്നസ് കേന്ദ്രങ്ങളുടെ നിർമ്മാണം, ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണം, വായനശാല കെട്ടിടങ്ങളുടെ നിർമ്മാണം, സ്കളുകളിൽ സ്റ്റേജ് കം ഓഡിറ്റോറിയങ്ങളുടെ നിർമ്മാണം, വനിത റിക്രിയേഷൻ സെന്ററുകളുടെ നിർമ്മാണം, ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ, വയോജനപാർക്കുകൾ, ഓപ്പൺ ജിംനേഷ്യം തുടങ്ങി നിരവധി പദ്ധതികൾക്കും തുക വകയിരുത്തി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## സേവന മേഖല

ലഭ്യമായ തുകയുടെ ഭൂരിഭാഗവും നീക്കിവെച്ചത് സേവന മേഖലയിലെ പ്രവർത്തനങ്ങൾക്കാണ്. 139 പദ്ധതികളിലായി 17,26,71,368 രൂപ വകയിരു ത്തിയതിൽ ഇതുവരെ 7,85,55,627 രൂപ ചിലവഴിച്ചു.ബ്ലോക്കിനു കീഴിലുള്ള 3 സി.എച്ച്.സി കളിലേക്കും, 1 എഫ്.എച്ച്. സിയിലേക്കും, അരീക്കോട് താലൂക്ക് ആശുപത്രിയിലേക്കും മരുന്ന് വാങ്ങുന്നതിനും,സായാഹ്ന ഒ പി യിൽ നിയമിക്കുന്ന ഡോക്ടർമാർക്കും അനുഭബന്ധ ജീവക്കാർക്കും വേതനം നൽകുന്നതിനും, സെക്കണ്ടറി പാലിയേറ്റീവ് ഹോംകെയർ സൗകര്യങ്ങൾ ഒരുക്കുന്നതിനും തുക മാറ്റി വെക്കുകയും പദ്ധതികൾ നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഭവന നിർമ്മാണ മേഖലയിൽ നീക്കി വെക്കേണ്ട മുഴുവൻ തുക യും നീക്കി വെക്കുകയും പി.എം.എ .വൈ, ലൈഫ് എന്നീ ഭവന പദ്ധതികളിലൂടെ പട്ടിക ജാതി,പട്ടിക വർഗ്ഗം,ജനറൽ വിഭാഗങ്ങൾക്ക് അടച്ചുറപ്പുള്ള തും സുരക്ഷിതവുമായ നിരവധി വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു.

കുടിവെള്ള മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിരവധി കുടി വെള്ളപദ്ധതികൾ ഏറ്റടുത്ത് നടപ്പിലാക്കി വരുന്നു. ജെറിയാട്രിക് പാർക്ക്, ഫിറ്റനസ് സെൻററുകളുടെ നിർമ്മാണം,ഭിന്നശേഷിസ്കോളർ ഷിപ്പ്, ഭിന്നശേഷി കലാമേള, വിവധ ആശുപത്രികളിൽ ഫിസിയോതറാപ്പി ഉപകരണങ്ങൾ വാങ്ങൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, അംഗനവാടികൾ സ്മാർട്ട് ആക്കൽ, വാട്ടർ ATM സ്ഥാപിക്കൽ ടോയിലറ്റുകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം,മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, ആർ.ആർ.എഫ്, വയോജന പാർക്കുകൾ,ഓപ്പൺ ജിം, സ്കൂളുകളിൽ ഡൈനിം ഹാൾ നിർമ്മാണം, ഓപ്പൺ ഓഡിറ്റോറിയങ്ങളുടെ നിർമ്മാണം, ബ്ലോക്ക് പഞ്ചായത്ത് കോൺഫെറൻസ് ഹാളിന്റെ നവീകരണം വനിതാ സ്വയം പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ ധാരാളം പദ്ധതികൾ ഏറ്റെടുക്കുകയും അവ പൂർത്തീകരിച്ചു വരികയും ചെയ്യുന്നു.

## ഉൽപാദന മേഖല

ഉൽപാദന മേഖലയിൽ 27 പദ്ധതികളിലായി 2,27,81,943 രൂപ നീക്കിവെച്ച തിൽ 3549703 രൂപ ഇതുവരെ ചിലവഴിച്ചു. എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ സബ് സിഡി,വിവിധ കോളനികളിലെ മണ്ണ് ജലസംരക്ഷണ പ്രവ ർത്തികൾ, ക്ഷീരകർഷകർക്ക് കാലിതീറ്റ സബ് സിഡി, ജനറൽ വനിതകൾക്ക് സ്വയം തൊഴിൽ സബ് സിഡി, കുളങ്ങളുടെ പുനരുദ്ധാരണം,ചെമ്മരത്തിൽ തടയിണ നിർമ്മാണം, വിവിധ തോടുകളുടെ സൈഡ് കെട്ടൽ, നെൽകൃഷിക്ക് കുമ്മായ വിതരണം, അഗ്രോ സർവ്വീസ്

സെന്ററിന് മിഷനറികൾ വാങ്ങൽ, കൃഷി കൂട്ടാധിഷ്ഠിത പ്ലാൻ വികസനം അടിസ്ഥാന സൗകര്യമൊരുക്കൽ. തുടങ്ങി നിരവധി പദ്ധതികൾ ഈ മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.

## പൊതുഭരണം ധനകാര്യം

2025 -26 പദ്ധതി നിർവ്വഹണകാലയളവിൽ പൊതുഭരണസംവിധാനം മെച്ചപ്പെടുത്താൻ നിരവധിയായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽവരുന്ന കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള കെട്ടിട നിർമ്മാണം, നവീകണം തുടങ്ങിയവയും,പൊതുജനങ്ങൾക്ക് വേഗതയിലും, കൃത്യതയിലും സേവനം ലഭ്യമാക്കുക എന്നലക്ഷത്തോടുകൂടിബ്ലോക്ക് പഞ്ചായത്ത്കെട്ടിടം നവീകരണം, ഓഫീസ് അനുബന്ധ ഉപകരണങ്ങൾവാങ്ങൽതുടങ്ങിയവയും, ബ്ലോക്ക് പരിധിയിൽവരുന്ന ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായതുക നീക്കിവെക്കുകയും, ഇൻഫർമേഷൻകേരള മിഷൻ തുകനീക്കിവെക്കുകയും, എ.ഡി.എ. ഓഫീസിന് സൗകര്യമൊരുക്കൽ, ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങളോടൊപ്പം, ഓഫീസിന്റെ **ISO** സ്റ്റാറ്റസ്കാലാനുസൃതമായിഉയർത്തുന്നതിലും ബ്ലോക്ക് പഞ്ചായത്തിൽ കോൺഫ്രൻസ് ഹാൾ നവീകരിക്കുന്നതിലും ഈ വർഷകാലയളവിൽ ഭരണസമിതിക്ക് ക്രിയാത്മകമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്.

## കൃഷി അനുബന്ധമേഖല

കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും അത്യാധുനികസാങ്കേതിക സഹായങ്ങളോടെ കൃഷി ആധുനികവൽക്കരിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നെല്ല്, സമഗ്ര പച്ചക്കറി കൃഷി, നെൽകൃഷിക്ക് കുമ്മായ വിതരണം അഗ്രോ സർവ്വീസ് സെന്ററിന് മിഷനറികൾ വാങ്ങൽ, കൃഷി കൂട്ടാധിഷ്ഠിത പ്ലാൻ വികസനം അടിസ്ഥാന സൗകര്യമൊരുക്കൽ എന്നിവക്കും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, നിരവധിയായകുളങ്ങളുടെ നവീകരണം, തുടങ്ങിയവയും, ചിറപ്പാലം പമ്പ് ഹൗസ് പുനരുദ്ധാരണം തുടങ്ങിയ ശ്രദ്ധേയമായ നിരവധി പദ്ധതികൾ ഈ പ്രവർത്തന കാലയളവിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണം, ക്ഷീരവികസനം

ക്ഷീരമേഖലയിൽ സുസ്ഥിരവികസനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി, ക്ഷീരകർഷക സഹകരണസംഘങ്ങൾക്ക് ഫണ്ട് ലഭ്യമാക്കൽ, MGNREGS മായി സംയോജിപ്പിച്ച് തീറ്റപ്പുൽകൃഷി, ആട്ടിൻകൂട്, കോഴിക്കൂട്, തൊഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്.

## ജെൻഡറും വികസനവും, കുട്ടികളുടെവികസനം

ബ്ലോക്ക് പരിധിയിലുള്ള അംഗനവാടികളുടെ നവീകരണം, ടോയ്‌ലറ്റ് നവീകരണം, എന്നിവയോടൊപ്പം സ്മാർട്ട് അംഗനവാടികളാക്കുവാനും സാധിച്ചിട്ടുണ്ട്.

വനിതാ സ്വയം സഹായസംഘങ്ങൾക്ക് സബ്സിഡി, എസ്.സി വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പഠനമുറി, വനിത ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണം, വനിത റിക്രിയേഷൻ സെന്ററുകൾ, വിവിധ വനിത ഫിറ്റ്നസ് കേന്ദ്രങ്ങളിൽ ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയോടൊപ്പം സ്വയംതൊഴിൽ പരിശീലന കേന്ദ്രവും സജ്ജമാക്കുവാൻ ഈ പ്രവർത്തന കാലയളവിൽ സാധിച്ചിട്ടുണ്ട്.

## പ്രാദേശിക സാമ്പത്തിക വികസനം

വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സബ്സിഡി, പൊൻപാടം മട്ട കൺ ഫെസിലിറ്റി സെന്റർ തുടങ്ങിയവയോടൊപ്പം വിവിധ സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അടിസ്ഥന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ ഈ പ്രവർത്തന കാലയളവിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

## ദാരിദ്ര ലഘൂകരണം (പാർപ്പിടംഉൾപ്പെടെ)

എല്ലാവർക്കും പാർപ്പിട സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലൈഫ് പദ്ധതി, പ്രധാനമന്ത്രി ആവാസ്യോജന (ഗ്രാമീൺ) തുടങ്ങിയ പദ്ധതികൾക്ക് ബ്ലോക്ക്തലവിഹിതം നീക്കിവെക്കുന്നതോടൊപ്പം സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കാനും സാധിച്ചിട്ടുണ്ട്.

## സാമൂഹിക നീതി (ഭിന്നശേഷിഉള്ളവർ, വയോജനങ്ങൾ)

ഏതൊരു പൗരനുംതുല്യ നീതിയുംഅവസരവും ഉറപ്പുവരുത്തണം എന്ന ലക്ഷ്യത്തോടെ ഭിന്നശേഷിവിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്, ഭിന്നശേഷി കലാമേള, കോളനികളിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിക്കൽ, ഗ്രാമ പഞ്ചായത്തുകളിൽജറിയാട്രിക് പാർക്കുകൾസ്ഥാപിക്കാനുള്ള പദ്ധതി വിഹിതം, എസ്.സി വിഭാഗങ്ങളിലെ വയോജനങ്ങൾക്കുള്ള സെക്കന്ററി പരിരക്ഷ, ബി.ആർ.സി. കെട്ടിടനിർമ്മാണം തുടങ്ങിയ ശ്രദ്ധേയ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

## കുടിവെള്ളം, ശുചിത്വം

കുടിവെള്ളത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിന് നിരവധി പദ്ധതികൾ 2025 -26 വർഷം ഏറ്റെടുത്തിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ കേടായ, പ്രവർത്തന ക്ഷമമല്ലാത്ത കുടിവെള്ള സംവിധാനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും, എസ്.സി കോളനികൾ കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, വിവിധ കുളങ്ങൾ നവീകരിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബ്ലോക്കിന് കീഴിലെ കുടിവെള്ള ശുചിത്വവുമായി ബദ്ധപ്പെട്ട് സർക്കാർ സ്കൂളുകളിലും, അംഗൻവാടികളിലും ശുചിമുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്കിന് കീഴിലുള്ള സി.എച്ച്.സികളിലെ ബാത്റൂമുകൾ, സീവേജ്ടാങ്കുകൾ റിപ്പയർ, ബ്ലോക്ക് ആർ.ആർ.എഫ്. നിർമ്മാണത്തിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ്ഗം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉയർച്ചക്കും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെയും ഭാഗമായി നിരവധി പദ്ധതികൾ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2025-26 സാമ്പത്തിക വർഷംആവിഷ്കരിച്ച് നടപ്പിലാക്കി, പദ്ധതികളെല്ലാം അവസാന ഘട്ടങ്ങളിലാണ്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മുൻഗണന കൊടുത്തുതന്നെ സർക്കാരിന്റെ നിലവിലെ ഭവന പദ്ധതിയായ ലൈഫ്, കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പി.എം.എ.വൈഭവന പദ്ധതി എന്നിവകാര്യക്ഷമമായി നടപ്പിലാക്കുന്നു. കോളനികളിലെയും ഊരുകൂട്ടങ്ങളിലെയും കുടിവെള്ള ക്ഷാമം കുറയ്ക്കുന്നതിന് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.കോളനികളുടെ ഊരുകൂട്ടങ്ങളിലെയും അടിസ്ഥാനസൗകര്യം വികസനത്തിനായി കോളനികളിലെ റോഡുകൾ നവീകരിച്ചുവരുന്നു.

## പട്ടികജാതി

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനും അവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന്റെയും, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പ് വരുത്തുന്നതിന്റെയും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെയും ഭാഗമായി നിരവധി പദ്ധതികൾ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2023 -24 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പിലാക്കി. സർക്കാരിന്റെ ഏറ്റവും ജനകീയമായ പദ്ധതിയായ ലൈഫ്, കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതിയായ പി.എം.എ.വൈ പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി കുടുംബങ്ങൾക്ക് വീടിനുള്ള ആനുകൂല്യം നൽകിവരുന്നു.എസ്.സി കുട്ടികൾക്ക് പഠനമുറി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കോളനികളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കോളനികളിലെ റോഡുകൾ നവീകരിച്ചുവരുന്നു. എസ്. സി. വയോജനങ്ങൾക്കുള്ള സെക്കന്ററി പരിരക്ഷ, കോളനികളിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികളും പൂർത്തീകരിച്ചുവരുന്നു.

## പൊതുമരാമത്ത്, വൈദ്യുത, ഊർജ്ജം

സഞ്ചാരയോഗ്യമായ റോഡുകളാണ് നാടിന്റെ വികസനത്തിന് അത്യാവശ്യം വേണ്ടത്. ടി ലക്ഷ്യം മുൻനിർത്തിയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽവരുന്ന എല്ലാ പഞ്ചായത്തുകളിലെയും റോഡുകൾ വാസയോഗ്യമാക്കുന്ന രീതിയിൽ മുൻഗണനാടിസ്ഥാനത്തിൽ  പദ്ധതികൾ നടത്തിവരുന്നു. നിരവധി റോഡുകൾ കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിനുള്ള പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നു.

## ആരോഗ്യം

ആരോഗ്യമുള്ള ജനതയാണ് സമൂഹത്തിന്റെ സമ്പത്ത്. നല്ലൊരു സമൂഹത്തെ വാർത്തെടുക്കുന്നതിൻറെ ഭാഗമായി, 2025 -26 സാമ്പത്തിക വർഷം ആരോഗ്യമേഖല

ക്ക് ഊന്നൽ നൽകി നിരവധി പദ്ധതികളും നടപ്പിലാക്കിവരുന്നു. ബ്ലോക്കിന് കീഴിലെ സി.എച്ച്.സികൾ നവീകരിക്കുന്നതിനും മരുന്നുവാങ്ങുന്നതിനും സ്റ്റാഫിനുള്ള ശമ്പളം നൽകുന്നതിനും പ്രോജക്ട് നടപ്പിലാക്കുന്നു. പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന്, പരിചരണം, ഓപ്പൺ ജിം, എന്നിവ വളരെ പ്രാധാന്യത്തോടെ ഫണ്ട് വകയിരുത്തി നടപ്പിലാക്കിവരുന്നു.

## വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം

നല്ല വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിന് വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനുള്ള നിരവധി പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നുണ്ട്. ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾവികസിപ്പിക്കുന്നതിന്റെ ഭാഗമായി ബി.ആർ.സി കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് വകയിരുത്തി നടപ്പിലാക്കിവരുന്നു.എസ്.സികുട്ടികൾക്ക് പഠനമുറി നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. യുവജനങ്ങളുടെകല, കായിക താൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളോത്സവം നടത്തി. വിവിധ കളിസ്ഥലങ്ങൾക്ക് വിഹിതം നൽകൽ, വിവിധ സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

**അദ്ധ്യായം 3**

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

പൊതുജനങ്ങൾക്ക് വളരെ വേഗത്തിലും സുതാര്യതയിലും സേവനം ലഭ്യമാക്കുക എന്നതാണ് പൊതു ഭരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇപ്പോഴത്തെ ബ്ലോക്ക് ഓഫീസിൽ തദ്ദേശ സ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം, കൃഷി അസിസ്റ്റന്റ് ഡയക്ടറുടെ കാര്യാലയംപട്ടികജാതി വികസന കാര്യാലയം, ക്ഷീരവികസനവകുപ്പ് കാര്യാലയം ഭക്ഷ്യ സുരക്ഷ ഓഫീസറുടെ കാര്യാലയം, വ്യവസായ വികസന ഓഫീസറുടെ കാര്യാലയം, തുടങ്ങിയ ഓഫീസുകൽ സ്ഥിതി ചെയ്യുന്നു. ഇവയിൽ ആകെ 52 സ്ഥിരം ജീവനക്കാരും 20 താത്കാലിക ജീവനക്കാരും ജോലി ചെയ്യുന്നു. ഇതിൽ ബ്ലോക്ക് ഓഫീസിനു പുറത്ത് പ്രവർത്തിക്കുന്ന ഐ ടി ടി പി, ഐ സി ഡി എസ്, എന്നിവയ്ക്ക് സ്വന്തമായി കെട്ടിട സൗകര്യം ഇല്ല. എല്ലാ ഓഫീസുകളും ഒരൊറ്റ സ്ഥലത്ത് കേന്ദ്രീകരിക്കാൻ സാധിച്ചാൽ അത് പദ്ധതി നിർവ്വഹണത്തെ കൂടുതൽ കാര്യക്ഷമമാക്കും.

കാർഷിക മേഖല ഊർജ്ജസ്വലമാക്കുന്നതിനായി തരിശുഭൂമികൾ ജനകീയ പങ്കാളിത്തത്തോടെ കൃഷി ചെയ്തു പുനരുജ്ജീവിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. ഉയർന്ന ഉത്പാദന ചെലവ് ഉൽപന്നങ്ങളുടെ വിലയിടിവ്, വായ്പ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി പ്രശ്നങ്ങൾ ഈ മേഖലയിലെ പ്രധാന വെല്ലുവിളികളാണ്. അത്യാധുനിക ഉപകരണങ്ങളും വിത്ത് ബാങ്കുകളും ശാസ്ത്രീയ കൃഷി പരിപാലന രീതികളും സജീവമാക്കിയാൽ മാത്രമേ കാർഷിക മേഖലയിലും പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളു.

പ്രസിദ്ധിയാർജ്ജിച്ച പുഴകളിലൊന്നായ ചാലിയാറിന്റെ സാന്നിധ്യം കൊണ്ട് സമ്പന്നമാണെങ്കിലും ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിൽ ഇപ്പോഴും ശുദ്ധജല ക്ഷാമം ഒരു യഥാർത്ഥമാണ് എന്നത് വസ്തുതയാണ്. കേന്ദ്ര സംസ്ഥാന തൃതല പഞ്ചായത്തുകളുടെ പരിശ്രമഫലമായി ചെറുതും വലുതുമായ നിരവധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വീടുകളിൽ പൈപ്പ് ലൈൻ കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജല സംരക്ഷണം, ജലജന്യരോഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം ഉൾപ്പെടെയുള്ളവ നടത്തേണ്ടത് അനിവാര്യമാണ്.

അതീവ ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന വിഭാഗങ്ങളിലൊന്നാണ് വയോജനങ്ങൾ. ഇവരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതോടൊപ്പം മാനസികാരോഗ്യത്തിനും വലിയ പ്രാധാന്യമുണ്ട്. വയോജനങ്ങളുടെ മാനസിക ശാരീരിക ഉല്ലാസത്തിനുതകുന്ന പരിപാടികളും ഒത്തുകൂടലുകളും ഒരുക്കുന്നതോടൊപ്പം

കൗൺസിലിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

പൊതുജനങ്ങൾ എന്നും ചേർത്ത് പിടിക്കേണ്ടവരാണ് ഭിന്നശേഷിക്കാർ. അഭിമാനത്തോടെയും നിത്യവരുമാനത്തോടെയും സമൂഹത്തിന്റെ മുഖ്യധാരയിൽ ജീവിക്കുക എന്നത് അവരുടെ അവകാശമാണ്. ഭിന്ന ശേഷിക്കാർക്കായി തൊഴിൽ സംരംഭങ്ങൾ, സർഗ്ഗശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിശീലനപരിപാടികൾ ദീർഘകാല പദ്ധതികളായി നടപ്പാക്കേണ്ടതാണ്.

തൊഴിൽ നൈപുണ്യങ്ങളുടെ കാലാനുസൃതമായ മാറ്റങ്ങളും പുതിയ ശൈലികളും സ്വായത്തമാക്കിയാൽ മാത്രമേ പുതിയ തലമുറക്ക് തൊഴിലിടങ്ങളിൽ ശോഭിക്കാൻ സാധിക്കുകയുള്ളു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതോടൊപ്പം പ്രൊഫഷണൽ കരിയർ കെട്ടിപ്പടുക്കാൻ ത്രിതല പഞ്ചായത്തു സംവിധാനങ്ങളിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതോടൊപ്പം അവ കാലാനുസൃതമാക്കേണ്ടതുമാണ്.

ക്ഷീര മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും കാലിത്തീറ്റയുടെ വിലവർദ്ധനവും ഉരുക്കളുടെ ഗുണനിലവാരക്കുറവും ലഭ്യതക്കുറവുമാണ്. ക്ഷീര സംഘങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകിയും പാലിന് ന്യായവില നൽകിയും തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകിയും കാലിത്തീറ്റയ്ക്കും വൈക്കോലിനും സബ്സീഡി നൽകുകയും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകിയും ഈ മേഖലയെ കൂടുതൽ കരുത്താർജ്ജിപ്പിക്കേണ്ടതാണ്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ തീർക്കുന്ന പ്രതിസന്ധി മറി കടക്കാൻ ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുകയും മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിലേക്ക് വിദ്യാർത്ഥി രക്ഷകർത്താക്കളുടേയും യുവജനങ്ങളുടേയും സമൂഹത്തിന്റേയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. കുടിവെള്ളം, പാർപ്പിടം, യാത്രാ സൗകര്യങ്ങൾ, തൊഴിലില്ലായ്മ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പി എം എ വൈ, ലൈഫ് ഭവന പദ്ധതികൾ എന്നിവയിലുൾപ്പെടുത്തി പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും തൊഴിലന്വേഷകർക്കും നൂതനമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഉന്നത പഠനത്തിനുള്ള സാധ്യതകൾ മനസ്സിലാക്കാനും കരിയർ കെട്ടിപ്പടുക്കുവാനും ആവശ്യമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

സാധാരണക്കാരുടെ ആശ്രയമായ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടുതൽ ആരോഗ്യസേവകരെ നിയമിച്ചും ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കിയും ഈ മേഖലയിലെ സേവനങ്ങൾ സാധാരണക്കാർക്ക് പരമാവധി എത്തിക്കേണ്ടതുണ്ട്.

അപ്രതീക്ഷമായ കാലാവസ്ഥ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ചൂടേറിയ ചർച്ചക്ക് വഴിവെക്കുന്ന ഈ കാലത്ത് ജൈവ വൈവിധ്യ മാനേജ്മെന്റ് രംഗത്തും ദുരന്ത നിവാരണരംഗത്തും തികച്ചും പ്രൊഫഷണലായ ഇടപെടൽ അനിവാര്യമാണ്. ദുരന്ത സമയത്തെ ഇടപെടൽ മാറ്റിത്താമസിപ്പിക്കൽ തുടങ്ങിയവയിൽ ഊന്നിക്കൊണ്ടുള്ള ഒരു കർമ്മസേന രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യേണ്ടതുണ്ട്.

**അദ്ധ്യായം 4**

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

പതിനാലാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ വിവിധ വികസന മേഖലകളിലായി പരമാവധി പുരോഗതി കൈവരിക്കുന്നതിന് ദീർഘകാല വികസന കാഴ്ചപ്പാട് അനിവാര്യമാണ്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവങ്ങൾ ഉൽപാദന ക്ഷമമായ രീതിയിലും കാലതാമസം കൂടാതെയും 100% ഉപയോഗപ്പെട്ടത്തുക എന്നതാണ് അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. വിവിധ കാരണങ്ങളാൽ സാമ്പത്തികമായി തകർന്ന പോയ മേഖലയെ കൈപിടിച്ചുയർത്തുക എന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന കാഴ്ച്ചപ്പാടിന്റെ പ്രധാന ഘടകമാണ്.

### 1. പൊതുഭരണം, ധനകാര്യം

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ വളരെ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക, ആയതിലേക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പൊതുഭരണത്തിൽ പ്രധാനമായിട്ടുള്ളത്. ബ്ലോക്ക് ഓഫീസിന് പുറത്ത് പ്രവർത്തിക്കുന്ന സി ഡി പി ഒ ഓഫീസുകൾ ടി ഇ ഒ ഓഫീസുകൾ എന്നിവയെ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കണക്കുകളും, ആധികാരിക രേഖകളും കൃത്യമായി രേഖപ്പെടുത്തുവാനും, സൂക്ഷിക്കുവാനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതോടൊപ്പം **K-Smart** സംവിധാനത്തിലേക്കും ബ്ലോക്ക് ഓഫീസ് മാറികൊണ്ടിരിക്കുകയാണ്. അതോടൊപ്പം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും കാലാനുസൃതമായി മാറ്റികൊണ്ടിരിക്കുന്നു.

അതിദാരിദ്ര നിർമ്മാർജനം, ഭവനരഹിതരില്ലാത്ത ബ്ലോക്ക് പഞ്ചായത്ത്, പൊതുജനാരോഗ്യത്തിന്റെ ശക്തിപ്പെടുത്തൽ തുടങ്ങിയവർക്ക് ഊന്നൽ നൽകുന്നതാണ്. ബ്ലോക്ക് പരിധിയിൽ വരുന്ന അരീക്കോട് താലൂക്ക് ഹോസ്പ്പിറ്റൽ, എടവണ്ണ ബി എഫ് എച്ച് സി, ഓമാനൂർ സി.എച്ച്.സി, ഊർങ്ങാട്ടിരി സി.എച്ച്.സി, കുഴിമണ്ണ എഫ് .എച്ച്.സി മുതലായ ആരോഗ്യ സ്ഥാപനങ്ങളുടെയും സമഗ്ര വികസന പാക്കേജിന് രൂപം നൽകുന്നതാണ്. ടൂറിസം മേഖലയിലും നൂതന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി വർണ്ണ ഗ്രാമം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ട്.

### 2) കൃഷിയും അനുബന്ധ മേഖലയും

കാർഷിക രംഗത്തെ സ്വയം പര്യാപ്ത ലക്ഷ്യമായി കണ്ടുകൊണ്ട് ദീർഘ

കാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ജലസേജന സൗകര്യം വർദ്ധിപ്പിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, വന്യമൃഗങ്ങളിൽനിന്നും കൃഷിയെ സംരക്ഷിക്കാൻ സോളാർ വേലി സ്ഥാപിക്കൽ, പച്ചക്കറി ഗ്രാമം, പച്ചക്കറിക്ക് കൂലി ചെലവ്, നെൽകൃഷി കൂലിച്ചെലവ്, കാർഷിക ഉൽപാദനം, മൂല്യവർദ്ധനം, നിർമ്മാണ വിഭണന ശൃംഖലകൾ രൂപീകരിക്കൽ, സ്കൂൾ കാർഷിക ക്ലബ്ബുകൾ, യുവാക്കളുടെ ക്ലബ്ബുകൾ തുടങ്ങിയവക്ക് പോഷകകിറ്റ് വിതരണവും പരിശീലനവും, അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയിൽ ഊന്നികൊണ്ടാണ് വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തിയിട്ടുള്ളത്.

## 3) മൃഗസംരക്ഷണം, ക്ഷീര വികസനം

ക്ഷീര സഹകരണ സംഘടങ്ങളുടെയും, കർഷകരുടെയും പങ്കാളിത്തതോടെ പാലുൽപ്പാദനം, മാംസോൽപ്പാദനം, മുട്ടഉൽപ്പാദനം തുടങ്ങിയ മേഖലകളിലും, ക്ഷീര കർഷകർക്ക് പാൽ സബ്സിഡി, വൈക്കോൽ സബ്സീഡി, കാലിത്തീറ്റ സബ്സീഡി, ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, കാർഷിക സബ്സിഡി കോഴി, ആട്, പശു, താറാവ്, തുടങ്ങിയ ജീവനോപാധികളായ വളർത്തുമൃഗങ്ങളുടെയും, എണ്ണം വർദ്ധിപ്പിക്കുവാനുതകുന്നു വികസന തന്ത്രമാണ് ഉൾകൊണ്ടിരിക്കുന്നത്.

## 4) പ്രദേശിക സാമ്പത്തിക വികസനം

പുതിയ സംഭരംങ്ങൾ ആരംഭിക്കന്നതോടൊപ്പം, നിർജീവാവസ്ഥയിൽ നിലകൊള്ളുന്ന സംരംഭങ്ങളെ ഉത്തേജിപ്പിക്കുവനാനും, കുടിൽവ്യവസായം, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനും കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിലെ പൊൻപാടം മട്ട കോമൺ ഫെസിലിറ്റി സെന്ററിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകി കൊണ്ടാണ് വികസന കാഴ്ച്ചപ്പാട് രൂപീകരിച്ചിട്ടുള്ളത്.

## 5) ദാരിദ്ര്യ ലഘൂകരണം

പി എം എ വൈ, ലൈഫ് എന്നീ ഭവന പദ്ധതികളിലൂടെ ബ്ലോക്ക് പ്രദേശത്ത് ഭവനരഹിതരായ മുഴുവൻ പേർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനും ഭുരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനും മുൻഗണന നൽകികൊണ്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. സ്വയം തൊഴിൽ ചെയ്യാൻ താൽപര്യമുള്ളവരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി സബ്സിഡിയും ബാങ്ക് വായ്പയും സംയോജിപ്പിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മഹാത്മാഗാന്ധി ദേശീയ തൊഴിൽ പദ്ധതി എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുക എന്നതാണ് ഈ മേഖലയിലെ വികസന കാഴ്ചപ്പാട്.

## 6) സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ)

വൃദ്ധജനങ്ങളുടെയും, ഭിന്നശേഷി, ട്രാൻസജൻസ് തുടങ്ങിയവരുടെ ചികിത്സ സൗകര്യം ഉറപ്പുവരുത്തുന്നതോടൊപ്പം, മാനസികാരോഗ്യവും മെച്ചപ്പെടുത്തേണ്ട താണ്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാകുന്നതിനൊടൊപ്പം, വരുമാന ദായകമായ പ്രവർത്തനങ്ങൾക്കായും, ദാരിദ്ര്യ ലഘൂകരണത്തിനായും പദ്ധതികൾ അവഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഈ മേഖലയിലെ കാഴ്ച്ചപ്പാട്.

ഭിന്നശേഷി സ്കോളർഷിപ്പ് വയോസ്മിതം എന്ന പേരിൽ വയോജനങ്ങളുടെ

ഉല്ലാസകേന്ദ്രങ്ങൾ, വയോജനങ്ങൾക്ക് ഓപ്പൺ ജിം എന്നിവയ്ക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്.

## 7) ജൻഡറും വികസനവും കുട്ടികളുടെ വികസനവും

സ്ത്രീകൾക്ക് സാമൂഹിക ജീവിതത്തിലും, ജോലിയിടങ്ങളിലും അവസര സമത്വവും, തുല്യനീതിയും ഉറപ്പുവരുത്തുക എന്ന ആശയം ഉൾക്കൊണ്ട്, കുടുംബ ശ്രീ, വനിത ശിശു വകുപ്പ് തുടങ്ങിയവയെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വയം തൊഴിൽ പരിശീലനം, സ്വയം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും, വനിതകൾക്ക് മാത്രമായി നിരവധി ഫിറ്റ്നെസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയാണ് വി കസന പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്.

## 8) പട്ടികജാതി

വികസന പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ നാനാവിഭാഗങ്ങളെയും പരിഗണി ക്കേണ്ടതും, അർഹ മായ പ്രാധാന്യം നൽകേണ്ടതുമാണ്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ സമഗ്രവികസനത്തിനായി ഭൂരഹിതരായ എല്ലാവർക്കും, ഭൂമിയും, ഭവനവും ഭവനരഹിതർക്ക് ഭവനവും ഉറപ്പുവരുത്തുന്നതോടൊപ്പം പട്ടികജാതി സങ്കേ തങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കൽ, പഠനമുറി നിർമ്മിക്കുന്നതിനും എസ് സി വനിത കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനും, ശ്മശാനങ്ങൾ സംരക്ഷണത്തിനും കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും നിരവധി പ്രവർത്തനങ്ങ ളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 9) ആരോഗ്യം

ജനകീയ പങ്കാളിത്തത്തോടെ മാത്രമേ പൊതുജനാരോഗ്യ യജ്ഞം പൂർണ്ണ വി ജയത്തിലെത്തിക്കാൻ സാധിക്കൂ. രോഗ പ്രതിരോധം, പ്രാഥമിക ചികിൽസ എന്നിവ ഉറപ്പുവരുത്തുന്നതോടൊപ്പം, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും വേണം. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന എല്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും മരുന്ന് കൃത്യമായി ലഭ്യമാക്കും, ആശുപത്രി വികസന സമിതികൾ ഊർജ്ജസ്വല മാക്കൽ, മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനായി പ്രൊഫഷണൽ കൗൺസിലർ മാരുടെ ഉൾപ്പെടെ ഉള്ളവരുടെ സൗകര്യം ലഭ്യമാക്കൽ തുടങ്ങിയവ ഈ മേഖലയിൽ ലക്ഷ്യം വെക്കുന്നു.

## 10) പട്ടികവർഗ്ഗം

അടിസ്ഥാന ജീവിത സൗകര്യങ്ങളായ വീട്, കുടിവെള്ളം, പർപ്പിടം, ഭക്ഷണം മുതലായവ ലഭ്യമാക്കാൻ സമയബന്ധിതമായി ഇടപെടൽ നടത്തും പർപ്പിടം എന്ന സ്വപ്നം യാഥാർത്ഥമാക്കാൻ പി.എം.എ.വൈ(ജി) ലൈഫ് ഭവനപദ്ധതി തുടങ്ങിയ വയുടെ എല്ലാ വിധ സാധ്യതകളും ഉപയോഗിക്കും.

## 11) കുടിവെള്ളം ശുചിത്വം

ജലസംരക്ഷണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതോടൊപ്പം, ജലജന്യരോഗ, ജലസംരക്ഷണ ബോധവൽക്കരണം, ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിവ നടത്തുന്നതാണ്. ബ്ലോക്ക് പരിധിയിൽ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യ മാക്കണതോടൊപ്പം നിർജീവമായിരുക്കുന്ന പദ്ധതികളിൽ പുനരുജ്ജീവന സാധ്യത

ഉള്ളവയെ കണ്ടെത്തി നവീകരിക്കുവാനും, നിരവധി കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും, വാർഡ്തല ജലശുദ്ധജല വിതരണ സമിതികളുടെ കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്

## 12) വിദ്യാഭ്യാസം, കലയും സംസകാരവും, യുവജനകാര്യം

വിദ്യാഭ്യാസ ഉന്നതി എത് സാമൂഹിക പരിവർത്തനത്തിന്റെയും അളവുകോലാണ്. കാലാനുസൃതമാറ്റം വിഭ്യാദ്യാസ രംഗത്ത് അനിവാര്യമാണ്. മൽസര പരീക്ഷകളിൽ വിജയിക്കുക എതിനെക്കാൾ ഉപരി വ്യക്തിത്വ വികസനത്തിനും ഊന്ന ൽ നൽകേണ്ടതാണ്. കായിക മേഖലയെ പ്രോത്സാഹിപ്പിക്കാൻ നിരവധി കളി സ്ഥലങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സർഗാത്മക, സാങ്കേതിക കഴിവുകൾ പരിപോഷിപ്പിക്കുതിന് വേണ്ട പദ്ധതികൾ നടപ്പിലാക്കും. ബ്ലോക്ക് കേരളോത്സവം കൂടുതൽ ജനകീയമാക്കാൻ ശ്രമിക്കുക. തുല്യത പഠനത്തിൽ നൂറുശതമാനം കൈവരിക്കുക തുടങ്ങിയവ വികസനകാഴ്ച്ചപ്പാടിൽ ഉൾക്കൊള്ളുന്നു.

## 13. പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം)

നിലവിലുള്ള റോഡുകൾ സംരക്ഷിക്കുക, ഗ്രാമ-ജില്ലാ പഞ്ചായത്തുകളുമായി ചേർന്നു എം പി, എം എൽ എ ഫണ്ടുപയോഗിച്ചും സമഗ്ര റോഡ് വികസനം നടപ്പിലാക്കുക, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക. എന്നിവ വികസന കാഴ്ചപ്പാടിന്റെ ഭാഗമാണ്.

## 14. ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

ജൈവ വൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിനും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ജൈവ വൈവിധ്യ പരിപാലനത്തിനുള്ള പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ,പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ-വൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുക, അധിനിവേശ സസ്യങ്ങൾ മറ്റു ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക.

കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്ന ഹരിത ശുദ്ധ വാതകങ്ങൾ പരമാവധി കുറയ്ക്കുന്നതിനും, ആഗോള താപനമായ കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന് ലഘൂകരിക്കുന്നതിനും കർമ്മ പരിപാടികൾക്ക് രൂപം നൽകുന്നതാണ്.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികളിൽ ഉൾപ്പെടുത്തി പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് പരിഹാര നടപടികൾ സ്വീകരിച്ച് കാർബൺ ന്യൂട്രൽ തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നതാണ്.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ പരമാവധി കുറയ്ക്കുന്നതിനും, ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നൽകികൊണ്ട് ദുരന്ത ലഘൂകരണ പദ്ധതികളും ലക്ഷ്യമിടുന്നു.

# അദ്ധ്യായം 5

# വിഭവ സ്രോതസ്സുകളും വകയിലരുത്തലുകളും

## അദ്ധ്യായം- 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന തുക |
|---|---|---|---|
| 1 | വികസ ഫണ്ട് | സാധാരണ വിഹിതം | 6,54,59,000 |
| | | പട്ടികജാതി ഉപപദ്ധതി | 2,80,04,000 |
| | | പട്ടികവർഗം ഉപപദ്ധതി | 17,99,000 |
| | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | **73,90,000** |
| | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | **1,10,85,000** |
| | | **ആകെ** | 11,37,37,000 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡിതരം | 3,59,46,000 |
| | | **ആകെ** | 3,59,46,000 |
| 3 | തനത് ഫണ്ട് | | |
| 4 | സംസ്ഥാനാവിഷ് കൃത പദ്ധതി വിഹിതം | | **0** |
| 5 | കേന്ദ്രവിഷ് കൃത പദ്ധതി വിഹിതം | | **2,02,80,000** |
| 6 | വായ് പ -സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| 7 | വായ് പ-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| 8 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കുന്നത് | | **0** |
| 9 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം | | **0** |
| 10 | സന്നദ്ധ സേവനം | | **0** |
| 11 | സംഭാന | | **0** |
| 12 | മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് | **2,22,88,200** |
| | | ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് | **0** |
| | | ജില്ലാ പഞ്ചായത്തുകളിൽ നിന്ന് | **1,65,37,400** |
| | **ആകെ** | | **5,91,05,600** |

## വകസന ഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തൽ

| ക്രമ നമ്പർ | വിഭാഗം | ആകെ വിഹിതം | പാർപ്പിടം | | ഉൽപാദന മേഖല | | പശ്ചാത്തല മേഖല | | കുടിവെള്ളം | | ശുചിത്വം | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ശതമാനം | തുക | ശതമാനം | തുക | ശതമാനം | തുക | ശതമാനം | തുക | ശതമാനം | തുക |
| 1 | സാധാരണ വിഹിതം | 6,54,59,000 | 20 | 1,30,91,800 | 30 | 1,57,10,160 | 25 | 1,30,91,800 | | | | |
| 2 | പട്ടികജാതി ഉപപദ്ധതി | 2,80,04,000 | 20 | 56,00,800 | | | 30 | 67,20,960 | | | | |
| 3 | പട്ടികവർഗം ഉപപദ്ധതി | 17,99,000 | 20 | 3,59,800 | | | 30 | 4,31,760 | | | | |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 73,90,000 | | | | | | | | | | |
| 5 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 1,10,85,000 | | | | | | | 50 | 5542500 | 50 | 5542500 |
| | | | | | | | | | | | | |
| 6 | വനിതാഘടക പദ്ധതി | | 10 | 82,17,020 | | | | | | | | |
